# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1979 06.02.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ശബരിമല ഡ്യൂട്ടിയുമായി ബന്ധപ്പെട്ട പോലീസ് വിന്യാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശബരിമല യുവതീ പ്രവേശവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി വിധി വന്ന ശേഷം ഈ വിഷയവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേർ പ്രതികളാണ്; ഇപ്പോൾ ജയിലിൽ കസ്റ്റഡിയിൽ എത്ര പേർ ഉണ്ട്; വിശദമാക്കാമോ; | (എ) 87605 പേർ പ്രതികളായി 2278 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 631 പേർ നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ ഉണ്ട്. |
| (ബി) ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷവും (2017-18) ഈ വർഷവും (2018-19) പോലീസ് സേനയുടെ വിന്യാസത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) ശമ്പളത്തിനും ഇതര അലവൻസുകൾക്കും പുറമെ ശബരിമല ഡ്യൂട്ടി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കുള്ള മെസ്സ് സബ്സിഡി ഇനത്തിൽ 2017-18 വർഷം 2,42,83,672/- രൂപയും 2018-19 വർഷം 3 കോടി 7 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്പെഷ്യൽ പോലീസ് ഓഫീസർമാരെ നിയമിക്കുന്നതിന് 2017-18-ൽ 5,40,00,000/- രൂപയും 2018-19-ൽ 5,80,50,000/- രൂപയും അനുവദിച്ചിട്ടുള്ളതാണ്. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുള്ള അപ്രതീക്ഷിത ചെലവുകൾക്കായി 2017-18-ൽ 40,00,000/- രൂപയും 2018-19-ൽ 50,00,000/- രൂപയും അനുവദിച്ചിട്ടുള്ളതാണ്. |

(സി) ശബരിമല ഡ്യൂട്ടിയ്ക്ക് ഈ വർഷവും (2018-19) കഴിഞ്ഞ വർഷവും (2017-18) എത്ര പോലീസ് ഉദ്യോഗസ്ഥരെ വീതം നിയമിച്ചു; ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(സി) ശബരിമലയിൽ പോലീസ് ഉദ്യോഗസ്ഥരുടെ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പമ്പ, സന്നിധാനം (2017-18)

| റാങ്ക് | സ്പെഷ്യൽ ഓഫീസർ | അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ | ഡി. വൈ .എസ്.പി | സി.ഐ | എസ്.ഐ/ എ.എസ്.ഐ | എച്ച്.സി/ പി.സി | ഡബ്ല്യൂ .എച്ച്.സി /ഡബ്ല്യൂ. പി.സി |
|---|---|---|---|---|---|---|---|
| I ടേൺ | 2 | 2 | 15 | 37 | 115 | 1354 | 12 |
| II ടേൺ | 2 | | 18 | 39 | 131 | 1484 | 12 |
| III ടേൺ | 2 | 2 | 17 | 39 | 200 | 1554 | 10 |
| IV ടേൺ | 2 | | 19 | 51 | 197 | 2400 | 15 |
| V ടേൺ | 2 | 2 | 21 | 51 | 195 | 2350 | 13 |
| VI ടേൺ | 2 | | 33 | 72 | 261 | 2825 | 20 |

## നിലയ്ക്കൽ, പമ്പ, സന്നിധാനം, എരുമേലി, പത്തനംതിട്ട (2018-19)

| റാങ്ക് | എസ്.പി | അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ | ഡി. വൈ .എസ്.പി | സി.ഐ | എസ്. ഐ/ എ.എസ്. ഐ | എച്ച്.സി/ പി.സി | ഡബ്ല്യൂ. സി.ഐ/ ഡബ്ല്യൂ .എസ്. ഐ | ഡബ്ല്യൂ .എച്ച്.സി /ഡബ്ല്യൂ. പി.സി |
|---|---|---|---|---|---|---|---|---|
| I ടേൺ | 12 | 3 | 24 | 82 | 349 | 2750 | 15 | 215 |
| II ടേൺ | 10 | 3 | 26 | 92 | 312 | 2727 | 15 | 215 |
| III ടേൺ | 9 | 3 | 23 | 68 | 316 | 2804 | 10 | 154 |
| IV ടേൺ | 11 | 3 | 30 | 70 | 324 | 3026 | 11 | 194 |

**സെക്ഷൻ ഓഫീസർ**